ഇതിനുപുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ. (സാധാ) നമ്പർ 863/2015/പൊ.വി.വ. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(സി&ഡി) സ.ഉ. (കൈ.)നമ്പർ 184/2013/പൊ.വി.വ. തീയതി 10-6-2013 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. അടിസ്ഥാന സൗകര്യം ഇല്ലാത്തതു കാരണം അംഗീകാരം നൽകാത്ത സ്കൂളുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല. നിരസിക്കപ്പെട്ട അപേക്ഷകൾ പിന്നീട് പരിഗണിച്ചിട്ടില്ല.

അൺ-എയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവി

33(1081) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി ഉത്തരവായിട്ടുണ്ട്; സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിലായി എത്ര പുതിയ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്ലസ് ടു ബാച്ചുകളുടെ സ്ഥിതിവിവരം

34(1085) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി മേഖലയിൽ എത്ര എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള എണ്ണം നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു എന്നതിന്റെ മേഖലയും ജില്ലയും തിരിച്ചുള്ള വിശദാംശം നൽകുമോ;

(സി) അനുവദിച്ച പ്ലസ് ടു ബാച്ചുകളിൽ ആവശ്യത്തിന് വിദ്യാർത്ഥികൾ ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ട ബാച്ചുകൾ ആകെ എത്ര;

(ഡി) ഒരു ബാച്ചിന് അംഗീകാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly